# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: **222***

09.03.2018-ലെ മറുപടി

### ജലനിധി രണ്ടാംഘട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, റ്റി.വി.രാജേഷ്<br>,, മുരളി പെരുനെല്ലി<br>,, എം.രാജഗോപാലൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലനിധി രണ്ടാംഘട്ടത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) രണ്ടാംഘട്ട ജലനിധി പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2012 ജനുവരി മുതൽ 2018 ഡിസംബർ വരെയാണ്. പദ്ധതി 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ജലനിധി രണ്ടാംഘട്ടത്തിന്റെ പുരോഗതി പഞ്ചായത്തുതലത്തിലും, മേഖലാടിസ്ഥാനത്തിലും, സംസ്ഥാനതലത്തിലും വിലയിരുത്തുന്നുണ്ട്. പദ്ധതി പ്രകാരം ഏറ്റെടുത്ത 2175 കുടിവെള്ള പദ്ധതികളിൽ 1757 എണ്ണം, 28-2-18 വരെയുള്ള കണക്കനുസരിച്ച്, പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് തുടർ നടത്തിപ്പിനായി നല്കിയിട്ടുണ്ട്. ബാക്കിയുള്ള എല്ലാ പദ്ധതികളും പദ്ധതി കാലയളവിൽ തന്നെ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വരൾച്ചക്കാലത്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ഈ പദ്ധതികൾക്ക് ക്ഷമതയില്ലാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (ബി) ജലനിധി ഒന്നാംഘട്ട പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ 2015-ൽ നടത്തിയ പെർഫോമൻസ് ആഡിറ്റ് പ്രകാരം 65% പദ്ധതികളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ 35% ഭാഗികമായോ, പൂർണ്ണമായോ പ്രവർത്തനം നിലച്ചതായി കണ്ടെത്തിയിട്ടുമുണ്ട്. ആയതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.<br>• സ്രോതസ്സിന്റെ ജലലഭ്യതക്കുറവ്<br>• ജലവിതരണ ശൃംഖലയുടെ തകരാർ<br>• ഗുണനിലവാര പ്രശ്നങ്ങൾ<br>• സമിതി അംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| (സി) | ജലനിധിയും കേരള വാട്ടർ അതോറിറ്റിയും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ വില താരതമ്യപ്പെടുത്തി അറിയിക്കുമോ; | (സി) | ജലനിധി പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് ഗുണഭോക്തൃ സമിതികളാണ് നടത്തുന്നത്. തുടർ നടത്തിപ്പിനായുള്ള എല്ലാ തീരുമാനങ്ങളും (വെള്ളക്കരം നിശ്ചയിക്കുന്നതുൾപ്പെടെ) എടുക്കുന്നതും, നടപ്പാക്കുന്നതും സംബന്ധിച്ച പൂർണ്ണ അവകാശം ഗുണഭോക്തൃസമിതികൾ ക്കാണ്. ജലനിധിക്ക് കേരള വാട്ടർ അതോറിറ്റി ബൾക്ക് സപ്ലൈ വഴി കിലോ ലിറ്ററിന് 6 രൂപ നിരക്കിലാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്. കേരള വാട്ടർ അതോറിറ്റി ഗുണഭോക്താക്കളിൽ നിന്ന് ഏറ്റവും കുറഞ്ഞ ഉപഭോഗത്തിന് കിലോ ലിറ്ററിന് 4 രൂപ മുതൽ കൂടിയ ഉപഭോഗത്തിന് 40 രൂപാ വരെ ഈടാക്കുന്നുണ്ട്. |
| (ഡി) | കേരള വാട്ടർ അതോറിറ്റി ഏതെങ്കിലും വിതരണ ശൃംഖല കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിക്ക് കൈമാറുന്നുണ്ടോ; എങ്കിൽ ഇത് കുടിവെള്ളത്തിന്റെ വിലയേയും പൊതുടാപ്പുകളേയും എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്.<br>ജലനിധി പദ്ധതിയുടെ നിയമാവലി അനുസരിച്ച് കുടിവെള്ളത്തിന്റെ വിലയും പൊതു ടാപ്പുകളുടെ പ്രവർത്തനവും അതാത് പദ്ധതികളുടെ സ്കീം ലെവൽ കമ്മിറ്റിയാണ് തീരുമാനിക്കുന്നത്. |
| (ഇ) | സാനിറ്റേഷൻ രംഗത്ത് കെ.ആർ.ഡബ്ല്യു.എസ്.എ. കാര്യക്ഷമമായി ഇടപെടുന്നുണ്ടോ;വിശദാംശം അറിയിക്കുമോ? | (ഇ) | ഉണ്ട്.<br>ജലനിധി പഞ്ചായത്തുകളിൽ 36,376 ഗാർഹിക ശുചിത്വകക്കൂസുകൾ നിർമ്മിച്ച് കെ.ആർ.ഡബ്ല്യു.എസ്.എ., കേരള സർക്കാരിന്റെ ODF പ്രവർത്തനങ്ങളിൽ പങ്കാളിയായി. കൂടാതെ സാമൂഹികാടിസ്ഥാനത്തിലുള്ള ശുചിത്വ സൗകര്യങ്ങളും കെ.ആർ.ഡബ്ല്യു.എസ്.എ. പഞ്ചായത്തുകളിൽ നടപ്പാക്കുന്നുണ്ട്. 8288 ശുചിത്വ സൗകര്യ യൂണിറ്റുകൾ (പൊതു കക്കൂസ്. പൊതുബയോഗ്യാസ്, ഗാർഹിക ബയോഗ്യാസ്, ഗാർഹിക ഖര, ദ്രാവക, മാലിന്യ സംസ്കരണ യൂണിറ്റുകൾ, ഡ്രൈനേജ് മുതലായവ) നാളിതുവരെ ജലനിധി പദ്ധതിയിലൂടെ നിർമ്മിച്ച് നല്കിയിട്ടുണ്ട്. 3.59 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ